**73 (1291) കാരയ്ക്കാട് എസ്.എച്ച്.വി. ഹൈസ്കൂളിൽ പ്ലസ്ടു കോഴ്സ് അനുവദിക്കുന്നതിന് നടപടി**

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറൻമുള നിയോജകമണ്ഡലത്തിൽപ്പെട്ട മുളക്കുഴ പഞ്ചായത്തിൽ കാരയ്ക്കാട് എസ്.എച്ച്.വി. ഹൈസ്കൂളിൽ പ്ലസ്ടു കോഴ്സ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത നിവേദനത്തിൻമേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) കാരയ്ക്കാട് എസ്.എച്ച്.വി. ഹൈസ്കൂളിൽ 1999-2000 വർഷത്തിൽതന്നെ പ്ലസ് ടു കോഴ്സ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പുതിയ സ്കൂൾ അനുവദിക്കുമ്പോൾ അതതു പ്രദേശത്തെ പിന്നോക്കാവസ്ഥയും വിദ്യാഭ്യാസ ആവശ്യകതയും കണക്കിലെടുത്ത് ഈ ആവശ്യം പരിശോധിക്കുന്നതാണ്.

(ബി) നിവേദനം ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) സ്കൂളിൽ ലഭ്യമായ ഭൗതിക സാഹചര്യങ്ങളേയും ആ പ്രദേശത്തെ വിദ്യാഭ്യാസ ആവശ്യകതയും കണക്കിലെടുത്ത് പരിശോധിക്കുന്നതാണ്.

**74 (1292) പ്ലസ്ടു അദ്ധ്യാപകർക്ക് യോഗ്യതാ പരീക്ഷ**

ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലസ്ടുവിൽ അദ്ധ്യാപകരെ നിയമിക്കുന്നതിനായി പ്രത്യേക യോഗ്യതാ പരീക്ഷ നടത്തുവാൻ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഏത് അതോറിറ്റി ആയിരിക്കും പരീക്ഷ നടത്തുന്നത്;

(ഡി) ഏതെല്ലാം യോഗ്യതകൾ നേടിയിട്ടുള്ളവരെയാണ് മേൽപ്പറഞ്ഞ യോഗ്യതാ പരീക്ഷയിൽനിന്നും ഒഴിവാക്കിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(ഇ) ഏതെല്ലാം വിഷയങ്ങളിൽ പരീക്ഷ നടത്തുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്;

(എഫ്) ഇത്തരത്തിൽ ഒഴിവാക്കപ്പെട്ടവർക്ക് പിന്നീട് ബി.എഡ്. കരസ്ഥമാക്കേണ്ടതുണ്ടോ?



LIBRARY ARCHIVES Kerala Legislative Assembly